കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ് 2018 ഒക്ടോബർ 12 വെള്ളി

കാസർകോട്
www.prd.kerala.gov.in 04994 255145 dioksgd@gmail.com

## പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളൽ;

## ജില്ലാഭരണകൂടം കർശന നടപടി തുടങ്ങി

പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ തള്ളുന്നവർക്കെതിരെയും പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നവർക്കെതിരെയും പൊതുജനങ്ങളിൽ നിന്ന് ഫോട്ടോകൾ സഹിതം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഭരണകൂടം കർശന നടപടി സ്വീകരിച്ചുതുടങ്ങി. കഴിഞ്ഞ ദിവസം ലഭിച്ച അഞ്ച് പരാതികളിൽ കാസർകോട് നഗരസഭ സെക്രട്ടറി, മംഗൽപാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ചെമ്മനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരോട് അടിയന്തര നടപടി സ്വീകരിച്ച് ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത്ബാബു നിർദേശിച്ചു.

പുതിയ ബസ് സ്റ്റാൻഡിനുള്ളിൽ മാലിന്യം തള്ളുന്നതിന്റെയും കത്തിക്കുന്നതിന്റെയും വിദ്യനഗറിൽ സന ഹാർഡ് വെയർ കടക്കാരൻ പ്ലാസ്റ്റിക്ക് കത്തിക്കുന്നതിന്റെയും ലഭിച്ച ഫോട്ടോകൾ കാസർകോട് നഗരസഭാ സെക്രട്ടറിക്ക് കൈമാറി. ഉപ്പളയിൽ സ്ഥിരമായി പ്ലാസ്റ്റിക്ക് കത്തിക്കുന്ന സ്ഥാപനത്തിന്റെ ഫോട്ടോ മംഗൽപാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും ചെമ്മനാട് പഞ്ചായത്തിൽ ക്വാർട്ടേഴ്സിലെ മാലിന്യങ്ങളും, മലിന ജലവും പൊതുസ്ഥലത്തേക്ക് തള്ളുന്ന ഫോട്ടോ സഹിതമുള്ള പരാതി ചെമ്മനാട് സെക്രട്ടറിക്കും തുടർ നടപടികൾക്കായി അയച്ചു.

പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുന്നതിന്റെയും കത്തിക്കുന്നതിന്റെ ഫോട്ടോകൾ സഹിതം വിവരങ്ങൾ വാട്ട്സ് ആപ്പ് നമ്പറിലൂടെ അറിയിക്കാൻ ജില്ലാ കളക്ടർ പൊതുജനങ്ങളോട് അഭ്യർഥിച്ചിരുന്നു.

പൊതുസ്ഥലങ്ങളിൽ ജൈവ-പ്ലാസ്റ്റിക് മാലിന്യങ്ങൾ തള്ളുന്നതോ കത്തിക്കുന്നതോ കണ്ടാൽ ഫോട്ടോ,വീഡിയോ എടുത്ത്, പേരു വിവരങ്ങൾ സഹിതം അറിയിക്കുന്നവർക്ക് ജില്ലാഭരണകൂടം പ്രത്യേക പാരിതോഷികം നൽകുന്നുണ്ട്. ഇതിനായി 8547931565 എന്ന വാട്സ് ആപ് നമ്പറിലേക്കാണ് ചിത്രങ്ങളും വീഡിയോകളും അയക്കേണ്ടത്. വിവരം നൽകുന്നവരുടെ വിശദാംശങ്ങൾ രഹസ്യമായി സൂക്ഷിക്കും. മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്ന പ്രവണത ജനങ്ങൾ മാറ്റണമെന്നും കാസർകോട് ജില്ലയെ സമ്പൂർണ്ണ മാലിന്യമുക്ത ജില്ലയാക്കുന്നതിന് എല്ലാ വിഭാഗം ജനങ്ങളും സഹകരിക്കണമെന്നും ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു. കൂടാതെ വിവരങ്ങളും ഫോട്ടോയും നേരിട്ടോ, തപാൽ, ഇ-മെയിൽ മുഖേനയും അറിയിക്കാം.

ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ചു സംസ്ക്കരിക്കണം. പൊതുസ്ഥലങ്ങളിൽ കത്തിക്കുന്നത് പരിസ്ഥിതിക്ക് ദോഷമുണ്ടാക്കുന്നതോടൊപ്പം കാൻസർ പോലുള്ള മാരക രോഗങ്ങൾക്കും കാരണമാകും. പൊതുസ്ഥലങ്ങളിലും സർക്കാർ ഓഫീസുകളിലും ശുചിത്വം പാലിക്കാൻ എല്ലാവരും തയ്യാറാകണം. വീടുകളിൽ കാണിക്കുന്ന ശുചിത്വബോധം പലരും പൊതുസ്ഥലത്തും തൊഴിലിടങ്ങളിലും കാണിക്കാറില്ല.ഈ സംസ്ക്കാരം മാറ്റിയെടുക്കാൻ നാം തയ്യാറാകണമെന്നും കളക്ടർ അറിയിച്ചു. നിയമലംഘനം

(തുടരും)

ശ്രദ്ധയിൽപ്പെട്ടാൽ ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ, ജില്ലാ പഞ്ചായത്ത് അനക്സ് കെട്ടിടം, വിദ്യാനഗർ പി.ഒ, കാസർകോട് -671123 വിലാസത്തിലോ, tsckasaragod@gmail.com അറിയിക്കാം.

## മന്ത്രി ഇ.ചന്ദ്രശേഖരൻ ജില്ലയിൽ

റവന്യു മന്ത്രി ഇ.ചന്ദ്രശേഖരൻ ജില്ലയിൽ മൂന്നു ദിവസം (13,14,15 തീയതികളിൽ) വിവിധ പരിപാടികളിൽ പങ്കെടുക്കും. ഇന്ന്(13) രാവിലെ 10.30ന് പരപ്പയിൽ സഹകരണ വകുപ്പ് അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ഓഫീസ് ഉദ്ഘാടനം, 2.30 പെർളയിൽ സ്വകാര്യചടങ്ങ്, 14ന് 11 ന് ക്യാമ്പ് ഓഫീസ്, 15 രാവിലെ 10ന് ഒടയംചാലിൽ കോടോം-ബേളൂർ കുടിവെള്ള പദ്ധതി ഉദ്ഘാടനം, ഉച്ചയ്ക്ക് 12ന് എണ്ണപ്പാറ കുടുംബാരോഗ്യ കേന്ദ്രം പ്രവർത്തന ഉദ്ഘാടനം, ഉച്ചകഴിഞ്ഞ് 3ന് പാലായി വളവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണോദ്ഘാടനം എന്നീ പരിപാടികളിൽ പങ്കെടുക്കും.

## അറ്റകുറ്റപ്പണിക്കായി റോഡ് അടച്ചിടും

മംഗൽപ്പാടി ഗ്രാമപഞ്ചായത്തിലെ 22-ാം വാർഡിലെ ബപ്പായിത്തൊട്ടി-പാറകട്ട റോഡ് കോൺക്രീറ്റ് നടക്കുന്നതിനാൽ ഈ മാസം 15 മുതൽ രണ്ടുമാസത്തേക്ക് റോഡ് അടച്ചിടുമെന്ന് സെക്രട്ടറി അറിയിച്ചു.

## നോർക്ക സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ക്യാമ്പ്

## കാസർകോട് 24ന്

നോർക്ക സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ക്യാമ്പ് ഈ മാസം 24ന് രാവിലെ 9.30 മുതൽ കാസർകോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. ഉദ്യോഗാർഥികൾ ഓൺലൈൻ അപേക്ഷ നൽകിയതിനു ശേഷം മാത്രം ഹാജരാകുക. ആ ദിവസം കോഴിക്കോട് നോർക്ക റൂട്ട്സിന്റെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്ററിൽ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ഉണ്ടായിരിക്കുന്നതല്ല. 04994257827, 0497 2765310, 04952304885

## ഉമേശ് എം. സാലിയാൻ കേരള തുളു അക്കാദമി ചെയർമാൻ

പ്രമുഖ സാംസ്ക്കാരിക പ്രവർത്തകനും നടനും നാടക സംവിധായകനുമായ ഉമേശ് എം. സാലിയാനെ കേരള തുളു അക്കാദമി പുതിയ ചെയർമാനായി നിയമിച്ചു സർക്കാർ ഉത്തരവായി. സാംസ്ക്കാരിക വകുപ്പാണ് ഇത് സംബന്ധച്ച് ഉത്തരവ് ഇറക്കിയത്. അക്കാദമി സെക്രട്ടറിയായി വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥൻ മഞ്ചേശ്വരം വോർക്കാടി പാവളയിലെ പി. വിജയകുമാരനെയും നിയമിച്ചു. പി. കരുണാകരൻ എം.പി., പി.ബി. അബ്ദുൽ റസാഖ് എം.എൽ.എ., മുൻ സെക്രട്ടറി ബി. ബാലകൃഷ്ണ ഷെട്ടിഗാർ എന്നിവർ ഉൾപ്പെടെ മുൻ കമ്മിറ്റിയിലെ മുഴുവൻ അംഗങ്ങളെയും പുതിയ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലാ കളക്ടറാണ് ട്രഷറർ. കർണ്ണാടക സർക്കാരിന്റെ കർണ്ണാടക നാടക അക്കാദമിയിൽ അംഗമായിരുന്ന ഉമേശ് നിരവധി കന്നട, തുളു നാടകങ്ങൾക്ക് രചനയും സംവിധാനവും നിർവഹിച്ചിട്ടുണ്ട്. കന്നട, മലായള സിനിമകളിലും ടെലിഫിലിമുകളിലും അഭിനയിച്ചു. അക്കാദമിയുടെ മുഖമാസികയായ തെമ്പറയുടെ പത്രാധിപ സ്ഥാനവും വഹിച്ചിരുന്നു.

ഫോട്ടോകൾ:- ഉമേശ് എം. സാലിയൻ, വിജയകുമാർ.പി

## സഹകരണവാരാഘോഷം: സംഘാടകസമിതി

## ഓഫീസ് ഉദ്ഘാടനം ചെയ്തു

അഖിലേന്ത്യാ സഹകരണവാരാഘോഷം സംസ്ഥാനതല ഉദ്ഘാടനം നവംബർ 14 ന് കാസർകോടും സമാപനം 20 ന് കാഞ്ഞങ്ങാടും നടക്കും. സംസ്ഥാനതല ഉദ്ഘാടന-സമാപന പരിപാടികൾ വിജയിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാസഹകരണ ബാങ്ക് കെട്ടിടത്തിൽ ആരംഭിച്ച സംഘാടകസമിതി ഓഫീസ് സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ കോലിയക്കോട് കൃഷ്ണൻ നായർ ഉദ്ഘാടനം ചെയ്തു.

(തുടരും)

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ ജനറൽവി മുഹമ്മദ് നൗഷാദ് അധ്യക്ഷതവഹിച്ചു. മുൻ എം.എൽ.എസിഎച്ച് കുഞ്ഞമ്പു, കൺസ്യൂമർഫെഡ് ഭരണസമിതി അംഗം കെ വി കൃഷ്ണൻ, മാണിയാട്ട് സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എംവി കോമൻ നമ്പ്യാർ, ഹോസ്ദുർഗ് സർക്കിൾ കോ-ഓപ്പറേറ്റീവ് യൂണിയൻ ചെയർമാൻ പി ഇസ്മായിൽ, മഞ്ചേശ്വരം സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ബി എം അനന്ത, കാസർകോട് ടൗൺ കോഓപ്പറേറ്റീവ് ബാങ്ക് ചെയർമാൻ എ സി അശോക്കുമാർ, മുട്ടത്തൊടി സർവീസ്സഹകരണ ബാങ്ക് പ്രസിഡന്റ് ഇ അബൂബക്കർ, ജില്ലാസഹകരണ ബാങ്ക് ജോയിന്റ് ഡയറക്ടർ ആന്റ് കൺകറന്റ് ഓഡിറ്റർ സുമാകുമാരി അമ്മ, ഡെപ്യൂട്ടി ജനറൽ മാനേജർ കെ രാജൻ തുടങ്ങിയവർ പങ്കെടുത്തു.

ജില്ലാസഹകരണ ബാങ്ക് ഹാളിൽചേർന്ന സംഘാടക സമിതിയോഗത്തിൽ സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ കോലിയക്കോട് കൃഷ്ണൻ നായർ അധ്യക്ഷതവഹിച്ചു. വിവിധ സബ്കമ്മറ്റികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ ചർച്ച നടന്നു. വാരാഘോഷത്തോടനുബന്ധിച്ച് ജില്ലയിലെ 65 സഹകരണസംഘങ്ങളിൽ 65 ജൈവകൃഷിതോട്ടങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചു. നവംബർ ഏഴിന് ജില്ലയിലെ എല്ലാസഹകരണ സംഘങ്ങളിലും പതാക ദിനം ആചരിക്കാനും നവംബർ 13 ന് വൈകുന്നേരം നാലിന് കാസർകോട് നഗരത്തിൽ വിളംബരജാഥ സംഘടിപ്പിക്കാനും തീരുമാനിച്ചു. ജില്ലയിലെ നാല് താലൂക്കുകളിലും തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ഏഴ്ദിവസങ്ങളിലായി സെമിനാറുകൾ സംഘടിപ്പിക്കും. പരിപാടിയിൽ മുഖ്യമന്ത്രിയും മന്ത്രിമാരും പ്രതിപക്ഷ നേതാവും മറ്റ് ജനപ്രതിനിധികളും പങ്കെടുക്കും.

**ഫോട്ടോ അടിക്കുറിപ്പ്:-കോ ഓപ്പറേറ്റീവ്:-**

സഹകരണവാരാഘോഷം സംസ്ഥാനതല ഉദ്ഘാടന-സമാപന പരിപാടികളുടെ സംഘാടകസമിതിഓഫീസ് ജില്ലാസഹകരണ ബാങ്ക്കെട്ടിടത്തിൽ സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ കോലിയക്കോട് കൃഷ്ണൻ നായർഉദ്ഘാടനം ചെയ്യുന്നു.

# ക്ലർക്ക് കം ടൈപ്പിസ്റ്റ് നിയമനം

ജില്ലാ ഹരിത കേരളം മിഷൻ ഓഫീസിൽ ക്ലർക്ക് കം ടൈപ്പിസ്റ്റ് തസ്തികയിൽ ദിവസ വേതനാടിസ്ഥാത്തിൽ നിയമനം നടത്തുന്നു. ഉദ്യോഗാർത്ഥികൾ ഒക്ടോബർ 22 ന് രാവിലെ 11 മണിക്ക് ഹരിത കേരളം മിഷൻ ജില്ലാ ഓഫീസിൽ നടക്കുന്ന കൂടിക്കാഴ്ചയിൽ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം പങ്കെടുക്കണം. യോഗ്യതകൾ- ഡിഗ്രി, പി.ജി.ഡി.സി.എ, മലയാളം, ഇംഗ്ലീഷ് കമ്പ്യൂട്ടർ ടൈപ്പിംഗിൽ പരിജ്ഞാനം. മുൻപരിചയം അഭിലഷണനീയം.

# ലിറ്ററസി ക്ലാസ് നോഡൽ ഓഫീസർക്കായി ശില്പശാല

ജനാധിപത്യപ്രക്രിയയിൽ പുതിയ തലമുറയുടെ സജീവമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജില്ലയിലെ വിവിധ വിദ്യാലയങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഇലക്ടറൽ ലിറ്ററസി ക്ലബ്ബുകളിലെ നോഡൽ ഓഫീസർമാരായ അധ്യാപകർക്കുള്ള ഏകദിന പരിശീലന പരിപാടി ജില്ലാ പ്ലാനിങ്ങ് ഓഫീസ് കോൺഫറൻസ് ഹാളിൽ നടന്നു. ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികൾക്കിടയിൽ വളർന്നുവരുന്ന അരാഷ്ട്രീയതയ്ക്കെതിരെയും ജനാധിപത്യ പ്രക്രിയകളോടുള്ള വിമുഖതയ്ക്കെതിരെയും ബോധവൽക്കരണം നടത്തി. ജനാധിപത്യത്തിന്റെ ശാക്തീകരണത്തിൽ വലിയ ഉത്തരവാദിത്തമാണ് അധ്യാപകർക്ക് നിർവഹിക്കാനുള്ളതെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി. തെരഞ്ഞെടുപ്പ് വിഭാഗം ഡെ.കളക്ടർ എ.കെ.രമേന്ദ്രൻ അധ്യക്ഷത വഹിച്ചു. ജൂനിയർ സൂപ്രണ്ട് ഗോവിന്ദൻ.എസ്, സജീവൻ ടി.വി, അജിത്.കെ, വിനോദ് ടി.കെ, ബിനുവിജയൻ, ശ്രീജ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി.

ഫോട്ടോ അടിക്കുറിപ്പ്:

കളക്ടർ:- ഇലക്ടറൽ ലിറ്ററസി ക്ലബ്ബുകളിലെ നോഡൽ ഓഫീസർമാരായ അധ്യാപകർക്കുള്ള ഏകദിന പരിശീലനം ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു ഉദ്ഘാടനം ചെയ്യുന്നു.

(തുടരും)

## അധ്യാപക ഒഴിവ്

ആദൂർ ഗവ: ഹൈസ്കൂളിൽ നിലവിലുള്ള എച്ച്.എസ്.എ ഫിസിക്കൽ സയൻസ് (മലയാളം മീഡിയം) തസ്തികയിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി കൂടിക്കാഴ്ച നടത്തും. യോഗ്യരായ ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട രേഖകൾ സഹിതം ഈ മാസം 16 ന് രാവിലെ 10 മണിക്ക് ഓഫീസിൽ നേരിട്ട് ഹാജരാകണം. ഫോൺ. 04994-262467.

## നാടൻ കലാമേള- ഉൽപ്പന്ന പ്രദർശന വിപണന മേള; അപേക്ഷ ക്ഷണിച്ചു

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്വയംതൊഴിൽ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനും അവരുടെ പരമ്പരാഗത പൈതൃക ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും പാരമ്പര്യ കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനുമായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെയും കിർത്താഡ്സിന്റെയും സംയുക്താഭിമുഖ്യത്തിൽ 'ഗദ്ദിക-2018-19' എന്ന പേരിൽ ഉൽപ്പന്ന പ്രദർശന വിപണന മേളയും കലാമേളയും സംഘടിപ്പിക്കുന്നു. പാരമ്പര്യ ഉൽപ്പന്നങ്ങളുടെ ഉൽപാദനത്തിലേർപ്പെട്ടിട്ടുള്ള പട്ടികജാതി വ്യക്തികൾക്കും സൊസൈറ്റികൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയ്ക്കും മേളയിൽ പങ്കെടുക്കാം.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾ, സംഘടനകൾ, സൊസൈറ്റികൾ എന്നിവർക്ക് ഉൽപ്പന്ന പ്രദർശന വിപണന മേളയിൽ പങ്കെടുക്കുന്നതിനും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും താൽപര്യമുണ്ടെങ്കിൽ നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ ഉൽപ്പങ്ങളുടെ വിശദമായ വിവരം, അപേക്ഷകരുടെ പൂർണ്ണ മേൽവിലാസം (ഫോൺ നമ്പർ ഉൾപ്പെടെ) ജാതി സർട്ടിഫിക്കറ്റ് രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം ഒക്ടോബർ 31നകം വൈകുന്നേരം അഞ്ചിനകം ചീഫ് പബ്ലിസിറ്റി ഓഫീസർ, പട്ടികജാതി വികസന വകുപ്പ്, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം-695003 എന്ന വിലാസത്തിൽ അയക്കണം. (ഒരു കുടുംബത്തിലുള്ളവർക്ക് ഒന്നിലധികം സ്റ്റാൾ അനുവദിക്കുന്നതല്ല). പൈതൃകമായ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നവരുടെ അപേക്ഷകൾ മാത്രമേ പരിഗണിക്കു.കയുള്ളൂ. വിശദ വിവരങ്ങൾക്കും അപേക്ഷാ ഫോറത്തിനും പട്ടികജാതി വികസന വകുപ്പ് ചീഫ് പബ്ലിസിറ്റി ആഫീസുമായോ അതാത് ജില്ലാ പട്ടികജാതി വികസന ആഫീസുമായോ ബന്ധപ്പെടേണ്ടതാണ്. നിശ്ചിത സർട്ടിഫിക്കറ്റുകളും പൂർണ്ണ വിവരങ്ങളും ഇല്ലാത്ത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും അപേക്ഷകരുടെ എണ്ണം കൂടുതലായാൽ പരമ്പരാഗത ഉൽപ്പന്നങ്ങളിൽ വൈവിധ്യമുള്ളവ നിർമ്മിക്കുന്നവർക്ക് മുൻഗണന നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾ വകുപ്പിന്റെ www.scdd.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും.

## കുടുംബശ്രീ ബ്ലോക്ക്തല സംയോജിത ശിൽപശാല

കുടുംബശ്രീ ജില്ലാമിഷൻ കാസർകോട് ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് ഏകദിന ശിൽപശാല ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഹലീമ ഷിനൂരിന്റെ അധ്യക്ഷതയിൽ മൊഗ്രാൽ പുത്തൂർ പഞ്ചായത്ത് പ്രസിഡന്റ് എ.എ ജലീൽ ഉദ്ഘാടനം ചെയ്തു. കുടുംബശ്രീയുടെ വിവിധ പദ്ധതികൾ ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ സംയോജിത ഇടപെടലുകളിലൂടെ നടപ്പാക്കുന്നത് ലക്ഷ്യമിട്ടാണ് ശിൽപശാല സംഘടിപ്പിച്ചത്. സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ, അസിസ്റ്റന്റ് ജില്ലാമിഷൻ കോർഡിനേറ്റർമാരായ പ്രകാശൻ പാലായി, സി ഹരിദാസൻ, ഹരിദാസൻ ഡി, കുടുംബശ്രീ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു. കുടുംബശ്രീ പദ്ധതികളും സംയോജന സാധ്യതകളും എന്ന വിഷയത്തിൽ ജില്ലാമിഷൻ കോർഡിനേറ്റർ ടി.ടി സുരേന്ദ്രൻ അവതരണം നടത്തി. അസിസ്റ്റന്റ് ജില്ലാമിഷൻ കോർഡിനേറ്റർ ജോസഫ് പി സ്വാഗതം പറഞ്ഞു.

## സ്വയം തൊഴിൽ, ചെറുകിട സംരംഭം; അപേക്ഷ ക്ഷണിച്ചു

സ്വയം തൊഴിൽ, ചെറുകിട സംരംഭങ്ങൾ ആരംഭിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയിലേക്ക് ജില്ലയിലെ നഗരസഭ നിവാസികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. കുടുംബശ്രീ മിഷൻ എൻ.യു.എൽ.എം. പദ്ധതിയിലൂടെയാണ് മുനിസിപ്പാലിറ്റികളിലെ സ്ഥിരതാമസക്കാരായ ഒരു ലക്ഷത്തിൽ താഴെ വാർഷിക

വരുമാനമുള്ള സ്ത്രീ പുരുഷൻമാർക്ക് അവസരം നൽകുന്നത്. സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് വായ്പ പലിശയിന്മേൽ സബ്സിഡി നൽകുന്ന രീതിയിലായിരിക്കും സാമ്പത്തിക സഹായം.ബാങ്കുകൾ മുഖേനയാണ് സംരംഭകർക്കായി വായ്പകൾ ലഭ്യമാക്കുക. വ്യക്തി ഒന്നിന് പരമാവധി രണ്ടു ലക്ഷം രൂപയാണ് വായ്പ് തുക. കൂട്ടു സംരംഭങ്ങൾ സ്ത്രീകൾ തനിയെയോ പുരുഷന്മാർ തനിയെയോ ഇരുകൂട്ടരും ചേർന്നുള്ളതോ ആവാം. പക്ഷെ, ഒരു കുടുംബത്തിൽ നിന്ന് ഒന്നിലേറെയാളുകൾ ഒരേ സംരംഭത്തിൽ ഉൾപ്പെടുക സാധ്യമല്ല. അപേക്ഷകർ പദ്ധതി മുഖേന സംഘടിപ്പിക്കുന്ന നാല് ദിവസത്തെ തൊഴിൽ വൈദഗ്ധ്യ പരിശീലനത്തിൽ പങ്കെടുക്കണം. താല്പര്യമുള്ളവർ ഒക്ടോബർ 20-ന് കണ്ണൻനായർ പാർക്കിൽ 11 മണിക്ക് നടക്കുന്ന വിശദീകരണ യോഗത്തിൽ പങ്കെടുക്കണമെന്ന് കാഞ്ഞങ്ങാട് നഗര സഭ സെക്രട്ടറി അറിയിച്ചു.

## ലഹരി വിമുക്ത കേന്ദ്രത്തിൽ ഒഴിവ്;

## കൂടിക്കാഴ്ച ഒക്ടോബർ 16ന്

ലഹരി വർജന മിഷൻ വിമുക്തിയുടെ ഭാഗമായി നീലേശ്വരം താലൂക്ക് ആശുപ്രതിയിൽ ആരംഭിക്കുന്ന ലഹരി വിമുക്ത കേന്ദ്രത്തിൽ വിവിധ തസ്തികകളിൽ താൽക്കാലിക നിയമനം നടത്തുന്നതിനുള്ള കൂടി ക്കാഴ്ച ഒക്ടോബർ 16ന് രാവിലെ 10ന് നടക്കും. തസ്തിക:- സെക്യാട്രിസ്റ്റ്. യോഗ്യത:എംബിബിഎസ്, എംഡി,ഡിപിഎം,ഡിഎൻബി, ടിസിഎംസി രജിസ്ട്രേഷൻ. മെഡിക്കൽ ഓഫീസർ:-എംബിബിഎസ്, ടി സിഎംസി രജിസ്ട്രേഷൻ. സൈക്യാടി പിജി ഉള്ളവർക്ക് മുൻഗണന. ക്ലീനിക്കൽ സൈക്കോളജിസ്റ്റ്:- പ്രസ്തുത വിഷയത്തിലുള്ള എംഫിൽ, ക്ലിനിക്കൽ സൈക്കോളജിയിൽ പി ജി.ഡി.സി.പി, ആർ.സി.ഐ രജിസ്ട്രേഷൻ. സൈക്യാട്രിക് സോഷ്യൽ വർക്കർ:- പ്രസ്തുത വിഷയത്തിലുള്ള എംഫിൽ, സൈക്യാട്രിക് സോഷ്യൽ വർക്കിൽ പി.ജി.ഡി.പി.എസ്. ഡബ്ലിയു. നിശ്ചിത യോഗ്യതയുള്ളവർ കാഞ്ഞങ്ങാട് ചെമ്മട്ടംവയലിൽ സ്ഥിതി ചെയ്യുന്ന ജില്ലാ മെഡിക്കൽ ഓഫീസിൽ (അലോപ്പതി) അഭിമുഖത്തിനായി അസൽ സർട്ടിഫിക്കറ്റുകൾ സഹിതം എത്തണം. ഫോൺ: 0467 220 3118

## കള്ള് ഷാപ്പ് ലേലം 26 ന്

കാസർകോട് ഡിവിഷനിലെ ഹോസ്ദുർഗ് റെയ്ഞ്ചിലെ സാമ്പിളിൽ സ്റ്റാർച്ച് കണ്ടെത്തിയതിനെ തുടർന്ന് ലൈസൻസ് റദ്ദാക്കിയ ആറാം ഗ്രൂപ്പിലെ ടി.എസ് നം.18 നെടിയോട്ട്പാറ, 24 ഒടയഞ്ചാൽ, 25 ചുള്ളിക്കര, 30 രാജപുരം, 48 ഉദയപുരം എന്നീ കള്ള് ഷാപ്പുകൾ ഒക്ടോബർ 26 ന് രാവിലെ 10.30 ന് കള ക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ കളക്ടർ വില്പ്പന നടത്തും. കൂടുതൽ വിവരങ്ങൾക്ക് കാസർ കോട് എക്സൈസ് ഡിവിഷൻ ഓഫീസുമായോ, കാസർകോട്, ഹോസ്ദുർഗ് എക്സൈസ് സർക്കിൾ ഓഫീസുകളുമായോ ബന്ധപ്പെടണമെന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ അറിയിച്ചു.

## അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പട്ടികജാതി പട്ടികവർഗ വികസന സഹകരണ ഫെഡറേഷന്റെ യൂണിറ്റായ ആയൂർധാര മരുന്നുൽപ്പാദന കേന്ദ്രത്തിലെ ആയൂർവേദ മരുന്നു കളുടെ മൊത്തം,ചില്ലറ വ്യാപാര ഏജൻസി (ജില്ല, താലൂക്ക്, പഞ്ചായത്ത് തലങ്ങളിൽ) ഏറ്റെടുക്കുന്നതിന് താൽപര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വിലാസം ആയൂർധാര ഫാർമസ്യൂട്ടിക്കൽസ്, സൗത്ത് അഞ്ചേരി, തൃശ്ശൂർ-680006, ഫോൺ.0487-2354851.

## ആടുവളർത്തൽ പരിശീലനം

കേരള സർക്കാർ മൃഗസംരക്ഷണ വകുപ്പ്, കാസർകോട് - റീജണൽ എ.ഐ.സെന്ററിന്റെ ആഭിമു ഖ്യത്തിൽ ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 40 കർഷകർക്കായി നാലു ദിവസത്തെ വ്യാവസായികാടിസ്ഥാനത്തിൽ ആടുവളർത്തൽ പരിശീലനം നൽകി. സ്പീഡ് വേ ഇന്നിൽ എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ജില്ലാ മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയ റക്ടർ ഡോ.ഉമ്മൻ പി.രാജ്, ചീഫ് വെറ്ററിനറി ഓഫീസർ ഡോ.ജാൻസി, കെ എന്നിവർ ആശംസകൾ നേർന്നു. അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ ഡോ.എസ്.രാജലക്ഷ്മി നന്ദി പറഞ്ഞു.

(തുടരും)

# ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

ഭീമനടി ബേബി ജോൺ മെമ്മോറിയൽ ഗവ (വനിത) ഐ.ടി.ഐയിൽ ഡി/സിവിൽ ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടറുടെ ഒരു ഒഴിവുണ്ട്. യോഗ്യത ബി.ടെക്ക് ഇൻ സിവിൽ ഏഞ്ചിനീറിംഗും പ്രസ്തുത മേഖലയിലെ ഒരു വർഷത്തെ പ്രവർത്തി പരിചയവും അല്ലെങ്കിൽ ഡിപ്ലോമ ഇൻ സിവിൽ ഏഞ്ചിനീറിംഗും പ്രസ്തുത മേഖലയിലെ രണ്ട് വർഷത്തെ പ്രവർത്തി പരിചയവും അല്ലെങ്കിൽ ഡി/സിവിൽ ട്രേഡിലുള്ള എൻ.എ.സി, എൻ.ടി.സി യും പ്രസ്തുത മേഖലയിലെ മൂന്ന് വർഷത്തെ പ്രവർത്തി പരിചയവും. കൂടിക്കാഴ്ച ഒക്ടോബർ 16 ന് രാവിലെ 11 മണിക്ക് ഓഫീസിൽ നടത്തും. താൽപര്യമുള്ളവർ അന്നേ ദിവസം യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്- ഫോൺ.04672 341666.

(തുടരും...)

കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ് 2018 ഒക്ടോബർ 12 വെള്ളി

കാസർകോട്

www.prd.kerala.gov.in 04994 255145 dioksgd@gmail.com

## കരിന്തളത്ത് 100 കിടക്കകളുള്ള ആശുപത്രി ഉൾപ്പെടെയുള്ള യോഗ, നാച്ച്യുറോപ്പതി ഇൻസ്റ്റിട്ട്യൂട്ട്; ധാരണാപത്രം ഒപ്പുവച്ചു

കരിന്തളത്ത് 100 കിടക്കകളുള്ള ആശുപത്രി ഉൾപ്പെടെയുള്ള യോഗ ആന്റ് നാച്ച്യുറോപ്പതി പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുന്നതിന് മുന്നോടിയായി സ്ഥലം പാട്ടത്തിന് കൈമാറുന്നിനുള്ള ധാരണാപത്രം ഒപ്പുവച്ചു. ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന ചടങ്ങിൽ സംസ്ഥാന സർക്കാരിനുവേണ്ടി ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബുവും സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ യോഗ ആന്റ് നാച്ച്യുറോപ്പതി ഡയറക്ടർ ഡോ.ഈശ്വര എൻ ആചാര്യയുമാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്.

റവന്യുമന്ത്രി ഇ. ചന്ദ്രശേഖരന്റെ പ്രത്യേക താൽപര്യപ്രകാരമാണ് വെള്ളരിക്കുണ്ട് താലൂക്കിലെ കരിന്തളത്ത് ഇൻസ്റ്റിട്ട്യൂട്ട് യഥാർഥ്യമാകുന്നത്.

കേന്ദ്ര ആയുഷ് വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ യോഗ ആന്റ് നാച്ച്യുറോപ്പതിയാണ് ഇൻസ്റ്റിട്ട്യൂട്ട് കരിന്തളത്ത് ആരംഭിക്കുന്നത്. ആശുപത്രിക്കും ഇൻസ്റ്റിട്ട്യൂട്ടിനുമായി 30 വർഷത്തേക്ക് 15 ഏക്കർ സ്ഥലമാണ് സംസ്ഥാന സർക്കാർ പാട്ടത്തിന് നൽകുന്നത്. കേന്ദ്ര ആയുഷ്വകുപ്പിന് കീഴിലുള്ള സ്വയംഭരണസ്ഥാപനത്തിന് നേരിട്ട് ഭൂമി കൈമാറുവാൻ വ്യവസ്ഥയില്ലാത്തതിനാലാണ് പാട്ടവ്യവസ്ഥയിൽ അനുവദിക്കുന്നത്. ഡെപ്യൂട്ടി കളക്ടർ കെ.രവികുമാർ, കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ വിധുബാല, മുൻ എംഎൽഎ കുമാരൻ.എം, വെള്ളരിക്കുണ്ട് തഹസിൽദാർ കുഞ്ഞിക്കണ്ണൻ, ഡോ.ഷിംജി, കരിന്തളം വില്ലേജ് ഓഫീസർ ടി.സുരേഷ്, അഡ്വ.കെ.കെ നാരായണൻ, ഒ.എം ബാലകൃഷ്ണൻ, സി.പി ബാബു, എൻ.പുഷ്പരാജ്, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

ഫോട്ടോ അടിക്കുറിപ്പ്:- കരിന്തളം ഇൻസ്റ്റിട്ട്യൂട്ട്:-

യോഗ ആന്റ് നാച്ച്യുറോപ്പതി പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുന്നതിന് മുന്നോടിയായി സ്ഥലം പാട്ടത്തിന് കൈമാറുന്നിനുള്ള ധാരണാപത്രം കളക്ടറേറ്റിൽ ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബുവും സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ യോഗ ആന്റ് നാച്ച്യുറോപ്പതി ഡയറക്ടർ ഡോ.ഈശ്വര എൻ ആചാര്യയും കൈമാറുന്നു.

കരിന്തളം ഇൻസ്റ്റിട്ട്യൂട്ട് 1:- യോഗ ആന്റ് നാച്ച്യുറോപ്പതി പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുന്നതിന് മുന്നോടിയായി സ്ഥലം പാട്ടത്തിന് കൈമാറുന്നിനുള്ള ധാരണാപത്രം കളക്ടറേറ്റിൽ ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബുവും സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ യോഗ ആന്റ് നാച്ച്യുറോപ്പതി ഡയറക്ടർ ഡോ.ഈശ്വര എൻ ആചാര്യയും ഒപ്പുവയ്ക്കുന്നു.

(തുടരും)

# പരപ്പയിലും കുമ്പളയിലും അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസുകൾ; പരപ്പ ഓഫീസ് ഉദ്ഘാടനം ഇന്ന്

സഹകരണ വകുപ്പിനു കീഴിൽ ജില്ലയിലെ പുതിയ രണ്ട് താലൂക്കുകളിലും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസുകൾ തുറക്കും. ഇന്ന്(13) രാവിലെ 10.30ന് വെള്ളരിക്കുണ്ട് താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ഓഫീസ് പരപ്പയിൽ രാജഗോപാലൻ എം.എൽ.എ. യുടെ അധ്യക്ഷതയിൽ റവന്യൂ മന്ത്രി ഇ.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യും. ഒൻപത് സഹകരണ ബാങ്കുകളും ഒരു പ്രാഥമാക കാർഷിക ഗ്രാമ വികസന ബാങ്കും ഉൾപ്പെടെ 58 സംഘങ്ങളാണ് പുതിയ വെള്ളരിക്കുണ്ട് സർക്കിൾ ഓഫീസിനു കീഴിലുണ്ടാകുക.

മഞ്ചേശ്വരം താലൂക്കിലെ ഓഫീസ് കുമ്പളയിലാണ് തുറക്കുന്നത്. ഒക്ടോബർ 16 ന് പി.ബി. അബ്ദുൾ റസാഖ് എം.എൽ.എ. യുടെ അധ്യക്ഷതയിൽ പി.കരുണാകരൻ എം.പി. യാണ് ഓഫീസ് ഉദ്ഘാടനം ചെയ്യും. നാലു സഹകരണ ബാങ്കുകളും, ഒരു കാർഷിക ഗ്രാമ വികസന ബാങ്കും ഉൾപ്പെടെ 69 സംഘങ്ങളാണ് പുതിയ മഞ്ചേശ്വരം സർക്കിൾ ഓഫീസിനു കീഴിലുണ്ടാകുക.

രണ്ടു പുതിയ ഓഫീസുകളിലേക്കും പുതിയ തസ്തികകൾ സൃഷ്ടിച്ച് അസിസ്റ്റന്റ് രജിസ്ട്രാർമാരെയും ഓഫീസ് ഇൻസ്പെക്ടർമാരെയും നിയമിച്ചു കഴിഞ്ഞു. കൂടാതെ ക്ലർക്ക്. പ്യൂൺ, പാർട്ട് ടൈം സ്വീപ്പർ തസ്തികകളും സർക്കാർ അനുവദിച്ചു. നിലവിലെ കാസർകോട്, ഹോസ്ദുർഗ്ഗ് ഓഫീസുകളിൽ നിന്ന് ഈ ഓഫീസുകളിലേക്ക് ഓരോ യൂണിറ്റ് ഇൻസ്പെക്ടർമാരെ മാറ്റി നിയമിച്ചു. നിലവിലെ ഓഡിറ്റ് വിഭാഗം പഴയ പോലെ കാസർകോട് , ഹോസ്ദുർഗ്ഗ് അസിസ്റ്റന്റ് ഡയറക്ടർ(ഓഡിറ്റ്) ന് കീഴിൽ തുടരും.

# ആശ വർക്കർമാരെ തെരഞ്ഞെടുക്കുന്നു

മധൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലെ 12 വാർഡുകളിലേക്ക് ആശ വർക്കർമാരെ തിരഞ്ഞെടുക്കുന്നു. 25 നും 45 നും മധ്യേ പ്രായമുള്ള ,മധൂർ ഗ്രാമപഞ്ചായത്തു പരിധിയിലെ സ്ഥിരതാമസക്കാരായ സ്ത്രീകളെയാണ് പരിഗണിക്കുക. ജനങ്ങൾക്കിടയിൽ മികച്ച ആശയ വിനിമയ ശേഷിയോടെ പ്രവർത്തിക്കാൻ കഴിയുന്നവരായിരിക്കണം. ചുരുങ്ങിയത് എസ്.എസ്.എൽ.സി യെങ്കിലും വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരിക്കണം.16ന് ഉച്ചയ്ക്ക് രണ്ടിന് ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടത്തുന്ന കൂടിക്കാഴ്ചയിലൂടെ യോഗ്യരായവരെ തിരഞ്ഞെടുക്കും. ഫോൺ: 04994230427

# സൗദി ആരോഗ്യമന്ത്രാലയത്തിലേക്ക് നഴ്സസുമാരെ റിക്രൂട്ട് ചെയ്യുന്നു

സൗദി അറേബ്യൻ സർക്കാർ ആരോഗ്യ മന്ത്രാലയത്തിന്റെ കീഴിൽ റിയാദിലുള്ള കിംഗ് ഫഹദ് മെഡിക്കൽ സിറ്റി ആശുപത്രിയിലേക്ക് നിയ മനത്തിനായി ഇന്റേൺഷിപ്പ് കൂടാതെ മൂന്നു വർഷത്തിൽ കുറയാത്ത സേവന പരിചയമുള്ള ബി.എസ്.സി., എം.എസ്.സി പി.എച്ച്.ഡി നഴ്സുമാരെ (സ്ത്രീകൾ മാത്രം) തെരഞ്ഞെടുക്കുന്നതിന് കേരള സർക്കാർ സ്ഥാപനമായ ഒഡെപെക്നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുള്ള ഇന്റർവ്യൂ നവംബർ മാസം 19,20,21,22,23 തീയതികളിൽ ഡൽഹിയിൽ നടത്തും. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദവിവരങ്ങൾ അടങ്ങിയ ബയോഡാറ്റ ഒഡെപെക് വെബ്സൈറ്റിൽ കൊടുത്തിരിക്കുന്ന മാതൃകയിൽ ഒക്ടോബർ 30നകം gcc@odepc.in എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ട താണ്. വിശദവിവങ്ങൾക്ക് www.odepc.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

(അവസാനിച്ചു)